Deputy Speaker: Do you press your amendment?

Shri P. K. Kunjachan: Yes.

Amendment No. 1768 moved by Shri P. K. Kunjachan was put and lost.

The oral amendment moved by Shri P. T. Chacko, was put and carried viz:—

"In schedule III, Sl. No. 3 Dry Land in column (3) for the words 'whichever is higher' the words 'at the option of the tenant' shall be substituted."

The question that Schedule III, as amended stand part of the Bill was put and carried.

Schedule III, as amended, was added to the Bill.

SCHEDULE IV

Shri P. T. Chacko: I move amendment No. 1040:

For Schedule IV, the following Schedule shall be substituted, namely:—

SCHEDULE IV

[*See* section 79 (i) (j)]

KAYAL PADASEKHARAMS IN KUTTANAD AREA

District—Alleppey

Village	*S. No.*	*Name of Kayal*	*Approximate extent* *Acres*	*Cents*
Pulincunnu				
	1	'D' Block Kayal	1800	00
	2	Madathi Kayal	385	15
	3	Padinjare Venattukari	99	86
	4	Mathi Kayal	713	05
	5	Sreemoolamangalam Kayal	590	82
Chennamkary				
	6	Raja Ramapuram Kayal	769	29
	7	Pallithanam Kayal	269	02
	8	Cherukara Kayal	309	80
	9	Mangalam Kayal (including Manikka-mangalam and Pazhaya Kayals)	843	59
	10	'E' Block Kayal	2366	00
	11	'H' Block Kayal	1396	00
	12	'I' Block Kayal	351	60
	13	'K. L' Block Kayal and Appu Kayal	827	31
Kainakary				
	14	'R' Block Kayal	1425	99
	15	'S' Block Kayal	584	00
	16	'T' Block Kayal	315	00
	17	'Q' Block Kayal (including Kuthaka-pattam area of 161 acres 60 cents)	716	60

LIBRARY ARCHIVES Kerala Legislative Assembly

Village	*S. No.*	*Name of Kayal*	*Approximate Extent* *Acres*	*Cents*
Kainakary and Alleppey				
	18	C. Block Kayal	647	30
Kainakary				
	19	Cherukali Kayal	251	55
	20	Arupanku Kayal	486	03
	21	Paruthivalavu Kayal	370	08
	22	Pandarakalam Kayal	152	24
	23	Punathuram Kayal	103	61
Alleppey and Aryad South				
	24	Kakka Kayal	200	00
		District—Kottayam		
Nattakom and Thiruvarppu				
	25	'F' Block Kayal (excluding Karapadam)	713	24
Kumarakom and Thiruvarppu				
	26	M. N. Block Kayal (excluding Karapadam)	473	65
Kumarakom				
	27	Seminari Kayal	423	66
	28	Thumbe Kayal	90	40
	29	Roopatha Kayal	213	24
	30	Karavattu Kayal	22	90
	31	Vadakke Konchumada	22	73
	32	Nalupanku Kayal	52	52
	33	Krishna Vilasom Kayal	27	00
	34	Konchumada Thundan Kayal	29	28
	35	Thekke Konchumada Kayal	45	40
	36	Vilakkumaram Kayal	81	69
	37	Pazhaya Kayal	42	94
	38	Mathruka Kayal	18	88
Thiruvarppu				
	39	J. Block Kayal (excluding Karapadam)	886	00
Aimanom				
	40	Vatta Kayal	336	45
	41	Mali Kayal	103	00
	42	Oloran Kayal	47	98
Kaipuzha				
	43	Kelakkary Vatta Kayal	305	29
	44	Anthony Kayal	64	37
	45	Akathekari	92	88
Kaipuzha and Vechoor				
	46	Kaipuzha Vechoor Kayal	64	00

Deputy Speaker: Amendment Nos. 1771 and 1772 may be moved by Smt. K. R. Gouri.

Smt. K. R. Gouri: I move:

1771. In Schedule IV, delete items 1 to 15.

1772. In Schedule IV, delete items 1 to 5.

LIBRARY ARCHIVES Kerala Legislative Assembly

സർ, കായൽനിലങ്ങളെ സംബന്ധിച്ച്, ഈ കായൽ പാടശേഖരം 79-ൽ അംഗീകരിച്ചുപോയി. ഞങ്ങൾക്ക് അതിനുള്ള പ്രൊട്ടസ്റ്റ് രേഖപ്പെടുത്തണമെന്നും വളരെ നിർബന്ധമുണ്ട്. കായൽനിലങ്ങളെ സംബന്ധിച്ച വരുമ്പോൾ രാജ്യത്തിന്റെ സമ്പത്തിനുവേണ്ടിയും അതു കൃഷിചെയ്യുന്നതിനും വളരെ-ബുദ്ധിമുട്ടുള്ളതുകൊണ്ടും ഇതിനെ സംബന്ധിച്ച് ഇവിടെ വിവരങ്ങൾ പറയാനുണ്ട്. സർ, ഈ കായൽനിലങ്ങൾ ആലപ്പുഴ ഡിസ്ട്രിക്റ്റിൽ എത്ര ആളുകളുടെ കൈയിലാണെന്ന ലിസ്റ്റ് ഞാൻ തയാറാക്കിയിട്ടുണ്ട്. കോട്ടയത്തെ സംബന്ധിച്ചും മറ്റു പ്രദേശങ്ങളെ സംബന്ധിച്ചും കളക്റ്റു ചെയ്യാൻ സാധിച്ചിട്ടില്ല. എങ്കിലും ആലപ്പുഴ ഡിസ്ട്രിക്റ്റിൽ കായൽനിലങ്ങൾ എത്ര ആളുകളുടെ കൈയ്യിലാണ്, എത്രപേക്കാണ് കായൽ പാടശേഖരം എന്നുപറഞ്ഞ് ഷെഡ്യൂൾ 4-ൽ കൊണ്ടുവന്നിരിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ ആലപ്പുഴ ഡിസ്ട്രിക്റ്റിൽ 40.41 പേക്കാണുള്ളത്. അതു കഴിഞ്ഞതിനുശേഷം മറ്റു സ്ഥലങ്ങളിലേക്കു മാറുകയാണെങ്കിൽ വേറെയുമുണ്ടാകും. ആ ആളുകളുടെതന്നെ ലിസ്റ്റ് ഉണ്ട്. ഏതായാലും ലിസ്റ്റിനെ സംബന്ധിച്ച് ഒരു ചെറിയ വിവരം എന്നുള്ള നിലയിൽ ഇതു് ഏറ്റവും കൂടുതൽ കൈവശംവയ്ക്കുന്ന ആൾക്കാർക്ക് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ളതിൽക്കവിഞ്ഞു കൃഷിയെ നന്നാക്കാൻവേണ്ടിയല്ല ഇങ്ങനെ കുറെ ആളുകളുടെ കൈയിൽ കൊടുത്തിരിക്കുന്നതു്. ഈ നാട്ടിൽ കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കണമെന്നുള്ള വിധത്തിലല്ല, വേറെ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട പരിഗണിച്ചല്ല, പിന്നെ ഗവണ്മെൻറിനു് പ്രത്യേകമായി ചിലരെ സഹായിക്കാനുള്ളഗ്രഹാലോചനയുടെ പരിണാമമാണു് ഈ വകുപ്പ്. ഇന്നു് ആർ. ബ്ലോക്കിൽ 15 ലക്ഷത്തോളം രൂപ ചെലവാക്കിക്കഴിഞ്ഞിരിക്കുന്ന ബണ്ടിടാൻ. ഇങ്ങനെ ചെയ്തിട്ടുള്ളതു് ഈ പ്രദേശങ്ങൾക്കു് ഒരു ഫേവറിറ്റിസം കാണിക്കാൻവേണ്ടിയാണു്. അതുകൊണ്ടു് ഞാൻ ഈ ഷെഡ്യൂൾ 4-നെ എതിർക്കുകയാണു്. ഇതിൽ കുറെ ആളുകളുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാൻവരെ ഞങ്ങൾ തയ്യാറാണു്. എത്ര ആളുകൾക്കുവേണ്ടിയാണു് ഷെഡ്യൂൾ 4 ഉണ്ടാക്കിയിരിക്കുന്നതു് എന്നുള്ളതിനെ സംബന്ധിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തു വയ്ക്കണം. ശ്രീ. എൻ. എസ്. കൃഷ്ണപിള്ള പറഞ്ഞു, കുട്ടനാട്ടിൽ ആയിരമൊന്നുമില്ലെന്നു്. കുട്ടനാട്ടിൽ 10-40 ഒന്നുമല്ല ആൾക്കാർ. കുട്ടനാട്ടിൽ ഒരുലക്ഷത്തിൽപ്പരം ആൾക്കാരുണ്ടു്.

ശ്രീ. എൻ. ഈ. ബലറാം: മെമ്പർ കുറച്ചുനേരമായി ലിസ്റ്റ് ലിസ്റ്റ് എന്നു പറയുന്നു. എന്തു ലിസ്റ്റിനെപ്പറ്റിയാണു് പറയുന്നതു്. അതൊന്നു മനസ്സിലാക്കിത്തന്നാൽകൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: ലിസ്റ്റ് എന്നു പറയുന്നതു് കുട്ടനാട്ടെ കായൽനിലങ്ങൾ എത്രപേരുടെ കൈവശം ഉണ്ടെന്നുകാണിക്കുന്ന ലിസ്റ്റിനെയാണു്. ഷെഡ്യൂൾ 4 എത്ര ആളുകളുടെ കൈയിലാണെന്നു കാണിക്കുന്ന ലിസ്റ്റാണു്. ഇവിടെ കുറച്ചു് ആളുകളുടെ കൈയ്യിൽമാത്രമാണു് കായൽനിലങ്ങൾ ഇരിക്കുന്നതു്. ആ ആളുകൾക്കു് ഗുണം ചെയ്യുന്നതിനുവേണ്ടിയാണു് ഈ ഷെഡ്യൂൾ 4. അല്ലാതെ കൃഷിക്കാർക്കു് ഗുണം ചെയ്യുന്നതിനല്ല. കാർഷിക വിളവു വർദ്ധിക്കാനുമല്ല. അതുകൊണ്ടു് ഞാൻ ഈ ഷെഡ്യൂളിനെ ശക്തിയായിട്ടു് എതിർക്കുകയാണു്. അതിനെപ്പറ്റിയുള്ള ലിസ്റ്റും ബാക്കിയുള്ളതുമൊക്കെ ഞങ്ങളുടെ കൈയ്യിലുണ്ടു്. സമയദൗർലഭ്യംകൊണ്ടു് അതു വായിക്കുന്നില്ല. അതുകൊണ്ടു് ഈ ഷെഡ്യൂൾ 4-നെ ശക്തിയായി എതിർത്തുകൊണ്ടു് ഞാൻ നിറുത്തുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഷെഡ്യൂൾ 4 ഡെലീറ്റു ചെയ്യണമെന്നു് ഒരു ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ടു്.

ഡെപ്യൂട്ടി സ്പീക്കർ: അതു് മൂവുചെയ്യാൻ അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: മുഖ്യമന്ത്രിയില്ലെങ്കിലും അതിനെപ്പറ്റി സംസാരിക്കാൻ അനുവാദം വേണം. സർ, ഞാൻ ഈ ഷെഡ്യൂൾ 4-നെ എതിർക്കുകയാണു്. ഷെഡ്യൂൾ 4 ആവശ്യമില്ല. ഞങ്ങൾ ഇതിനെ സംബന്ധിച്ചു വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഷെഡ്യൂൾ 4 എടുത്തുകളയേണ്ടതാണു്. അതു് സ്വീകാര്യമല്ലെന്ന അഭിപ്രായം ഇവിടെ രേഖപ്പെടുത്തുന്നു.

ശ്രീ. പി. ടി. ചാക്കോ: സർ, ഷെഡ്യൂൾ നാലിൽ കായൽപ്രദേശങ്ങളെയാണു് ഉൾപ്പെടുത്തിയിട്ടുള്ളതു്. കായൽപ്രദേശങ്ങളുടെ പ്രത്യേകതയെപ്പറ്റി പ്രത്യേകമായി എടുത്തുപറയാതെ തന്നെ ഈ സഭയിലെ എല്ലാ മെമ്പറന്മാർക്കും അറിയാവുന്നതാണു്. ഷെഡ്യൂൾ പ്രകാരം കായൽപ്രദേശങ്ങൾ എല്ലാംകൂടി 20,713 ഏക്കർ 32 സെൻറുവരും. ഒസലക്കറുകമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ചു് ഓരോ പ്രദേശത്തും ഇത്രയിത്ര ഏക്കർ ഉണ്ടെന്നുള്ളതു കാണിക്കണമെന്ന തീരുമാനിച്ചതനുസരിച്ചു ചേർത്തിട്ടുള്ളതാണു് ഈ ഷെഡ്യൂൾ 4. വളരെ പ്രത്യേകതയുള്ള ഒരു കൃഷിയാണു് കായൽകൃഷി. ഇതു എത്രപേരുടെ പേരിലാണു് എന്നുള്ളതിന്റെ ലിസ്റ്റു വായിക്കാമെന്നു ശ്രീമതി ഗൗരി ഇവിടെ പറഞ്ഞു. എത്രപേരുടെ കൈവശമിരിക്കുന്നു എന്നുള്ളതു് ഒരു പ്രശ്നമല്ല. സിനമൺ എസ്റ്റേറ്റു് ഒരാളിന്റെ കൈയ്യിലാണു്. ആളകം എത്രയുണ്ടെന്നുള്ളതു നോക്കുകയല്ല ഗവണ്മെൻറിന്റെ ലക്ഷ്യം. ഗവണ്മെൻറിന്റെ ലക്ഷ്യം മറ്റുചില തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്. ഇതു് ഉൽപ്പാദനം കൂടുതൽ വർദ്ധിപ്പിക്കുന്നതിനു സൗകര്യംകിട്ടുന്നതിനുവേണ്ടി ചെയ്തിട്ടുള്ള ഏർപ്പാടാണു്. എന്നാൽ പ്രതീക്ഷിച്ചപോലുള്ള ഉൽപ്പാദനം വർദ്ധിക്കുന്നില്ല. കായംകുളം കായലിൽ എണ്ണൂറു് ഏക്കറോളം നികത്തിയിട്ടുള്ളതു് ഇപ്പോൾ കൃഷിചെയ്യാൻ നിവൃത്തിയില്ലാതെയിരിക്കുകയാണു്. അതുപോലെയുള്ള അനുഭവങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ടു്. ആക്കുളം കായലിൽ വളരെ ഭീമമായ സംഖ്യ ചെലവാക്കിയിട്ടു് ഒന്നുംതന്നെ കഴിഞ്ഞ രണ്ടുകൊല്ലമായി കിട്ടിയിട്ടില്ല. ഇതാണു് അനുഭവം. എങ്കിലും ഇതു കാര്യക്ഷമമായി നടക്കണമെന്ന ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്. ഇങ്ങനെ കാര്യക്ഷമമായി നടത്തണമെങ്കിൽ ആ കൃഷി വലിയ ആളകംകൊണ്ടു ചെയ്യാൻ സാധിക്കുകയുള്ളൂ. നഷ്ടംവന്നാലും സഹിക്കുവാൻ കെൽപ്പുള്ള വലിയ ധനവാന്മാർക്കു് ഈ മാതിരി കൃഷിചെയ്യാൻ സാധിക്കുകയുള്ളൂ. രണ്ടാമതു വളരെയധികം മൂലധനം വേണം. അതിനാവശ്യമായ ഉപകരണങ്ങളും വേണം. അതെല്ലാം കൊണ്ടാണു കായൽനിലങ്ങളും ഷെഡ്യൂളിൽ ചേർത്തു നിയന്ത്രണം വച്ചിട്ടുള്ളതു്. ഒരുകാലത്തു സഹകരണസമ്പ്രദായം വിജയിക്കുകയാണെങ്കിൽ, അതിനുവേണ്ട സാമ്പത്തികസഹായം മുഴുവൻ ഗവണ്മെൻറിനു കൊടുക്കുവാൻ കഴിയുകയാണെങ്കിൽ ഇതു വേണ്ടിവന്നാൽ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ കഴിയുമോ എന്നു നോക്കേണ്ടതുണ്ടു്. അതുകൊണ്ടു കുറെ ആളകംകൂടി ഇന്നു സ്ഥിരാവകാശം കൊടുക്കുക എന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. ഇന്നത്തെ നിലയിൽ അതു സാദ്ധ്യമല്ല. ഉൽപ്പാദനം പെട്ടെന്നു കുറഞ്ഞുപോകാതിരിക്കണമെങ്കിൽ നഷ്ടം സഹിക്കുവാൻ സൗകര്യമുള്ള ആളകം ഇതിൽ കൃഷിചെയ്താൽ മാത്രമേ ഒക്കുകയുള്ളൂ. അതുകൊണ്ടു് കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കണം എന്നുള്ള താൽപ്പര്യംവച്ചുകൊണ്ടുതന്നെ ഇതു് ഒഴിവാക്കണമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്.

Amendment No. 1040 moved by Shri. P. T. Chacko was put and carried.

Deputy Speaker: Do you press your amendments?

Smt. K. R. Gouri: Yes, Sir.

Amendment No. 1771 moved by Smt. K. R. Gouri was put and lost.

Amendment No. 1772 moved by Smt. K. Gouri was put and lost.

The question that Schedule IV, as amended, stand part of the Bill was put and carried.

Schedule IV, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause I

Smt. K. R. Gouri: I move amendment No. 8: 8. In clause I (3) 'delete the words except this section which shall come into force at once'.

Madam, "provisions of this Act, except this section which shall come into force at once, shall come into force on such date as the Government may, by notification in the Gazette, appoint:" എന്നാണ് സബ് ക്ലാസ്സ് 3-ൽ പറയുന്നത്. ഇതിൽ പറയുന്നത് ടൈറ്റിൽ ഉടനെ നടപ്പിൽവരുമെന്നാണ്. ഈ ബില്ലിൽ ഏതെല്ലാം സംഗതികളും എഴുതി വച്ചിട്ടുണ്ടോ എല്ലാം ഈ Clause-ന്റെ drafting-മാതിരിയാണ്. അതിനു പ്രത്യക്ഷ ഉദാഹരണമാണ് ഈ ക്ലാസ്സ് 1. അതിൽ പറയുന്നതു എന്താണ്. ഇതു പാസ്സായി നോട്ടിഫൈ ചെയ്യുകഴിഞ്ഞാൽ ടൈറ്റിൽമാത്രം ഉടൻ നടപ്പിൽ വരുമെന്നാണ്. അതു ശരിയാണ്. ടൈറ്റിൽ മാത്രമേ നടപ്പിൽ വരികയുള്ള. മറ്റൊന്നും നടപ്പിൽ വരികയില്ല. ഞാൻ ഭേദഗതി കൊടുത്തിരിക്കുന്നതിന്റെ ഉദ്ദേശം അതൊന്നു സംസാരിക്കുന്നതിനു മാത്രമാണ്. ഇതെങ്കിലും മന്ത്രി സ്വീകരിക്കണമെന്നു എനിക്കഭ്യർത്ഥനയുണ്ട്. സ്വീകരിക്കുകയില്ല. അതു നിർബ്ബന്ധമാണ്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ള.

ശ്രീ. ബേബിജോൺ: ക്ലാസ്സ് 1-നു എനിക്കു ഒരു ഭേദഗതിയുണ്ടായിരുന്നു. അതായിരുന്ന ആദ്യം വായിക്കേണ്ടതു.

ശ്രീമതി കെ. ആർ. ഗൗരി: അതു ഈ ബില്ലിന്റെ പേരു മാറ്റിയിടണമെന്നുള്ളതാണ്. എനിക്കു പറയുവാനുള്ളതു എന്റെ ഭേദഗതിയെ സംബന്ധിച്ചായിരുന്നു. ഒന്നാം വകുപ്പുമുതൽ 127-ാം വകുപ്പുവരെ നടത്തിയിട്ടുള്ള സകല കൃത്തിത്തിരിപ്പുകളും ഈ ഒന്നാം വകുപ്പുകൊണ്ടുതന്നെ പ്രത്യക്ഷമാകുന്നുണ്ട്. ടൈറ്റിൽ എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീമാൻ ബേബിജോൺ ക്ലാസ്സ് ഒന്നിനു ഒരു ഭേദഗതി അവതരിപ്പിച്ചിരുന്നതു ഓർഡറിലല്ലാഞ്ഞതുകൊണ്ടു അതു മൂവുചെയ്യാൻ അനുവദിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: മൂവുചെയ്യാൻ അനുവദിക്കുന്നില്ലെങ്കിലും, ആ ക്ലാസിനെക്കുറിച്ചു സംസാരിക്കുവാനുള്ള അവകാശം കൊടുക്കേണ്ടതാണ്.

ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി മൂവുചെയ്യാൻ സാദ്ധ്യമല്ല. ആ ക്ലാസിനെ സംബന്ധിച്ചു വേണമെങ്കിൽ മെമ്പർക്കു സംസാരിക്കാവുന്നതാണ്.

ശ്രീ. ബേബിജോൺ: ഞാൻ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിരുന്ന കാര്യം.....

ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി മൂവുചെയ്യാൻ പാടില്ല. മെമ്പർക്കു അതിനെക്കുറിച്ചു സംസാരിക്കാം.

Smt. K. R. Gouri: May's Parliamentary practice അനുസരിച്ചു ഭേദഗതി മൂവുചെയ്യാൻ അനുവാദമില്ലെങ്കിലും അതേക്കുറിച്ചു സംസാരിക്കുവാൻ മെമ്പർക്കു അവകാശമുണ്ട്.

ശ്രീ. പി. ടി. ചാക്കോ: സർ, ഇതു ചെയറിനെ പോദ്യംചെയ്യുകയാണ്.

ശ്രീ. ബേബിജോൺ: ഞാൻ എന്റെ ഭേദഗതിമൂലം പറയാൻ ഉദ്ദേശിച്ചിരുന്ന കാര്യം.....

ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികളും ഒന്നും മൂവുചെയ്യാൻ അനുവദിക്കുന്നില്ല. ചുരുക്കമായി പ്രസംഗിക്കുവാൻ അനുവദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഞാൻ അവതരിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഭേദഗതി എന്തായിരുന്നുവെന്നു നോക്കണം.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, അദ്ദേഹം ഭേദഗതി വായിക്കുകയാണു്. ഭേദഗതി അവതരിപ്പിക്കുവാൻ അനുവാദം നിഷേധിച്ച സ്ഥിതിക്കു അതു സഭയിൽ വായിക്കുന്നതു ഓർഡറിലാണോ?

Shri K. Bhargavan: Madam, the hon. member is not allowed to move the amendment. But he can read the amendment.

ശ്രീമതി കെ. ആർ. ഗൗരി: ജന്മികളുടെ പ്രൊട്ടക്ഷൻ ബിൽ എന്നു് ഇതിനു നാമകരണം ചെയ്യണമെന്നു പറയാൻപാടില്ല എന്നുണ്ടോ?

ശ്രീ. എം. നാരായണക്കുറുപ്പു്: ഭേദഗതി ഓർഡറിലല്ല എന്നു പറഞ്ഞാൽ അതു പിന്നെ ഇവിടെ വായിക്കുവാൻ പാടില്ല.

ശ്രീ. സി. അച്യുതമേനോൻ: സ്പീക്കർ തന്നെ റൂലുചെയ്തിട്ടുണ്ടു് ഭേദഗതിയെക്കുറിച്ചു സംസാരിക്കാമെന്നു്. അദ്ദേഹം അതുപ്രകാരം സംസാരിക്കുവാൻ തുടങ്ങുകയായിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: ഞാൻ ഒന്നുകൂടി വിശദമാക്കുവാൻ ആഗ്രഹിക്കുകയാണു്. ഭേദഗതികളും ഒന്നും വായിക്കുവാൻ പാടില്ല. എന്നാൽ ഏതെങ്കിലും ക്ലാസിനെക്കുറിച്ചു അനുകൂലമായോ പ്രതികൂലമായോ പ്രസംഗിക്കാവുന്നതാണു്.

ശ്രീ. ബേബിജോൺ: ചെയറിന്റെ റൂളിംഗിനെ മാനിച്ചുകൊണ്ടുതന്നെ ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുകയാണു്. എന്നാൽ ഇന്നതേ പ്രസംഗിക്കാവൂ, പ്രസംഗം ഇന്നരീതിയിലായിരിക്കണം എന്നു മറുള്ളവർ നിർദ്ദേശിക്കുന്നതു ന്യായമാണോ? അതു പ്രയാസമാണു്. ഈ ബില്ലിൽ ഉടനീളം പരിശോധിച്ചാൽ.....

ശ്രീ. ടി. എ. തൊമ്മൻ: ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ബില്ലിൽ ഉടനീളം പരിശോധിച്ചാൽ എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം പ്രസംഗിക്കുകയാണു്. ഒന്നുകിൽ അനുകൂലിച്ചുകൊണ്ടു്, അല്ലെങ്കിൽ പ്രതികൂലിച്ചുകൊണ്ടു് എന്നു ആദ്യമേ പറയേണ്ടതാണു്.

ശ്രീ. സി. അച്യുതമേനോൻ: മെമ്പർ ഏതുകാര്യത്തെപ്പറ്റിയാണു സംസാരിക്കുവാൻ തുടങ്ങുന്നതെന്നും പ്രസംഗം എന്തിനെ സംബന്ധിച്ചാണെന്നും കേൾക്കുന്നതിനു മുമ്പു് ഇന്നതാണു് പറയുവാൻപോകുന്നതെന്നു ആൻറിസിപ്പേറ്റു ചെയ്തുകൊണ്ടു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതു ശരിയല്ല.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട ചേർത്തല മെമ്പർ ശ്രീമാൻ ബേബിജോണിന്റെ അടുക്കൽ ഒരു പുസ്തകവുമായിചെന്നു് എതോ ഉപദേശങ്ങൾ നൽകുന്നതായി കാണുന്നു. അങ്ങനെ ഉപദേശം നൽകുന്നതു ഓർഡറിലാണോ എന്നറിഞ്ഞാൽ കൊള്ളാം.

Shri P. T. Chacko: Madam, may I say a word. If I remember correct, there have been rulings to the effect that no member can be tutored in the House. Here one member is going to another member and sitting and tutoring him. It is clearly out of order.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ട്യൂട്ടറിംഗ് നടത്തിയെന്നുപറയുന്നതു് ഈ സഭയിലെ എല്ലാ മെമ്പറന്മാരേയും അവമാനിക്കലാണു്. അതു അദ്ദേഹം പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ട്യൂട്ടറിംഗ് തരുന്നതിനു മുൻപു് എനിക്കു് ഒരു കാര്യം അറിയാനുണ്ടു്. ശ്രീമതി ഗൗരി ഇവിടെ വന്നു എന്തോ ട്യൂട്ടറിംഗ് നടത്തുന്നു എന്നു ആരോപണം ഉന്നയിച്ചപ്പോൾ തന്നെ അവമാനിതനാകുന്ന പ്രതീതിയാണു് എനിക്കുണ്ടായതു്. ആ പദം പിൻവലിക്കണമെന്നു അദ്ദേഹത്തോടു ആവശ്യപ്പെടണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്.

ശ്രീ. പി. ടി. ചാക്കോ: അല്ലെങ്കിൽ ശ്രീമതി ഗൗരിതന്നെ പറയട്ടെ അവിടെച്ചെന്നു യാതൊന്നും പറഞ്ഞുകൊടുത്തിട്ടില്ല എന്നു്. എങ്കിൽ ഞാൻ പിൻവലിക്കാം. അല്ലാത്തിടത്തോളംകാലം ട്യൂട്ടറിംഗ് തന്നെയാണു് നടത്തിയതു്. ഞാൻ ആ പദം ആവർത്തിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി: എന്തു പറഞ്ഞുവെന്നാണു് പറഞ്ഞുവരുന്നതു്. ഒരു മെമ്പർക്കു മറ്റൊരു മെമ്പറുടെ അടുക്കൽചെന്നു് ഒന്നും പറഞ്ഞുകൂടാ എന്നാണോ പറയുന്നതു്. ഞാൻ കണ്ടിട്ടുണ്ടല്ലോ ഈ ബില്ലിന്റെ ചർച്ചാവേളയിൽ പല മെമ്പറന്മാരും മന്ത്രിയുടെ അടുക്കൽവന്നു സംസാരിക്കുന്നതു്. അതെല്ലാം ട്യൂട്ടറിംഗ് ആകുമോ? ഞാൻ അതു ചെയ്യുകയുമില്ല, എനിക്കതിന്റെ ആവശ്യവുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: പറഞ്ഞുകൊടുക്കലും ട്യൂട്ടറിംഗും ഒന്നാണോ?

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറന്മാർ ആദ്യമായി നിയമസഭയിൽ ക്രമമായി പെരുമാറാൻ പഠിക്കേണ്ടതാണു്.

ശ്രീ. എൻ. ഇ. ബലറാം: മിനിസ്റ്റർ അതിനു മാതൃകയാകേണ്ടതാണു്.

ഡെപ്യൂട്ടി സ്പീക്കർ: എല്ലാ മെമ്പറന്മാരും ഒരുപോലെ സമാധാനം പാലിക്കേണ്ടവരാണു്.

ശ്രീമതി. കെ. ആർ. ഗൗരി: എന്റെ അഭിപ്രായത്തിൽ ഇവിടുള്ള എല്ലാ മെമ്പറന്മാരും അറിവും വിവരവും ഉള്ളവരാണു്. അങ്ങനെയുള്ളവർ ഒരു മെമ്പറുടെ അടുത്തുചെന്നു മറ്റൊരു മെമ്പർ സംസാരിക്കുകയാണെങ്കിൽ ഉടനെ അതു ട്യൂട്ടറിംഗ് നടത്തുകയാണെന്നുപറയുന്നതു ഒരിക്കലും അനുവദിക്കത്തക്കതല്ല. അതു പിൻവലിക്കുവാൻ ആവശ്യപ്പെടണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. ആർ. ഗൗരി ബേബിജോണിന്റെ അടുക്കൽചെന്നു എന്തോ പറയുന്നതു കണ്ടു തെറ്റിദ്ധരിച്ചു മന്ത്രി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതാണു്. എന്നാൽ ഇപ്പോൾ ട്യൂട്ടറിംഗ് ഒന്നും നടത്തിയില്ല, സംസാരിച്ചതേയുള്ളൂ എന്നു പറഞ്ഞതുകൊണ്ടു് അതു ട്യൂട്ടറിംഗ് ആകുന്നില്ല. ശ്രീമാൻ ജോണിനു അദ്ദേഹത്തിന്റെ പ്രസംഗം തുടരാവുന്നതാണു്.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: ട്യൂട്ടറിംഗല്ല നടത്തിയതെങ്കിൽ പിന്നെ എന്താണു സംസാരിച്ചതെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. പി. ഗോപാലൻ: ചെയർ ഒരു റൂളിംഗ് തരുവാൻ നിശ്ചയിക്കുമ്പോഴും അതിനെതിരായി പൊടിപ്പാറയപ്പോലുള്ള ആളുകളും പ്രശ്നങ്ങളും ഉന്നയിക്കുന്നതു് ഓർഡറിലാണോ എന്നറിഞ്ഞാൽകൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ പ്രശ്നമൊന്നും ഉന്നയിക്കപ്പെട്ടിട്ടില്ല. മെമ്പർക്കു പ്രസംഗം തുടരാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

8. p.m.] ശ്രീ. ബേബിജോൺ: മാഡം, ഈ ബില്ലിന്റെ ഉള്ളടക്കം ആകെ പരിശോധിക്കുമ്പോൾ ഈ ലാൻഡ് റിഫോംസ് ആക്റ്റ് എന്നുള്ള പേരു് ഇതിനു തീരെ യോജിക്കുന്നില്ലാ എന്നും, പകരം ലാൻഡ് ഓണേഴ്സ് പ്രൊട്ടക്ഷൻആക്റ്റ് എന്നായിരിക്കും നല്ലതു് എന്നും എനിക്കു അഭിപ്രായമുണ്ടു്. ഞാൻ അവതരിപ്പിക്കാൻ ഉദ്ദേശിച്ച ഭേദഗതികൾ ഇതാണു്. അതു് അവതരിപ്പിക്കാൻ അനുവാദം തന്നില്ല. എന്തുകൊണ്ടാണു് ഈ പേരിനു ഒരു മാറ്റംവരുത്തണം എന്നു ഞാൻ വിചാരിച്ചതു്.

ഡെപ്യൂട്ടി സ്പീക്കർ: ഈ ക്ലാസിനെ ഒപ്പോസു ചെയ്യുകയാണോ?

ശ്രീ. ബേബിജോൺ: ഈ സംസ്ഥാനത്തു അഗ്രേറിയൻ റിലേഷൻസു ആക്റ്റു് എന്നൊരു ആക്റ്റു നിലവിലുണ്ടായിരുന്നു. അതു സസ്പെൻറു ചെയ്തു അതിന്റെ സ്ഥാനത്തു ലാൻഡ് റിഫോംസു ആക്ട് എന്നൊരു ബിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുകയാണു്. അഗ്രേറിയൻ റിലേഷൻസു് ആക്റ്റു് പൂർണ്ണമായി കർഷകജനതയുടെ അവകാശങ്ങൾ നേടിക്കൊടുത്തിരിക്കുന്നു എന്നു ഞാൻ പറയുന്നില്ല. പക്ഷേ, ഒരു കാർഷികപുരോഗമനസ്വഭാവം അതിനുണ്ടായിരുന്നു. കർഷകത്തൊഴിലാളികൾക്കു ഗുണംചെയ്യാൻ ശ്രമിച്ചിരുന്നു. ഇന്നു അതിന്റെ സ്ഥാനത്തു് ഇന്നത്തെ ഗവണ്മെൻറു് അവതരിപ്പിച്ചിരിക്കുന്ന ബിൽ പരിശോധിക്കുമ്പോൾ കൃഷിക്കാർക്കു വളരെ ദ്രോഹപരമായ രീതിൽ മറിച്ചു ഭൂവുടമകൾക്കു സഹായകരമായ രീതിയിൽ ഉള്ള വ്യവസ്ഥകളാണു കാണുന്നതു്. ഈ നിയമസഭയിൽ നടന്ന ചർച്ചകൾ നമുക്കു പരിശോധിക്കാം. ആകെക്കൂടി നാമൊന്നു പരിശോധിച്ചാൽ—പരിശോധിക്കണം എന്നില്ല—എന്തൊക്കെയാണു് ഇതിന്റെ നേട്ടമായിട്ടുള്ളതു്. പാട്ടം വർദ്ധിപ്പിച്ചു—എന്നിട്ടാണു് ഇതിനു ലാൻഡ് റിഫോംസ് ആക്റ്റു് എന്നു പേരിടണമെന്നു അഭിപ്രായപ്പെട്ടതു്. ഇതു ഒരു ലാൻഡ് റിഫോംസു ബില്ലല്ലാ, മറിച്ചു ലാൻഡ് ഓണേഴ്സ് പ്രൊട്ടക്ഷൻ ആക്റ്റു് ആണെന്നുതന്നെ പറയണം. അങ്ങനെ പാട്ടം വർദ്ധിപ്പിച്ചു. ഇതു ഭൂടമകളെ സഹായിക്കാൻവേണ്ടിയണു്. അതുപോലെ പർച്ചേസ് പ്രൈസ് നിരക്കു വർദ്ധിപ്പിച്ചു. പർച്ചേസ് പ്രൈസ് പണ്ടു് പാട്ടത്തിന്റെ പന്ത്രണ്ടു് ഇരട്ടിയായിരുന്നു. ഇപ്പോൾ അതു് 16 ഇരട്ടിയാക്കി. എന്നിട്ടു പറയുകയാണു്, ഇതിന്റെ പേരു ലാൻഡ് റിഫോംസ് ആക്റ്റു് എന്നു്. ഇതിന്റെ ശരിയായ പേരു് ലാൻറു് ഓണേഴ്സ് പ്രൊട്ടക്ഷൻ ആക്റ്റു എന്നുള്ളതാണു്.

അതുപോലെ അഗ്രേറിയൻ റിലേഷൻസ് ആക്റ്റിൽ കുടികിടപ്പുകാരനു കുറഞ്ഞതു് അഞ്ചുസെൻറും പത്തുസെൻറും എന്നൊരു വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ നമ്മുടെ ഈ ബില്ലിൽ മിനിമം മൂന്നുസെൻറ് എന്ന വ്യവസ്ഥചെയ്തു ഇതു ആരെ സഹായിക്കാനാണു്. ഈ നാട്ടിലെ ഭൂടമകളെ സംരക്ഷിക്കാൻ ജന്മിത്വവുമായിട്ടുള്ള കൂട്ടുകെട്ടിന്റെ ഫലമായി അവരുടെ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിനുവേണ്ടി ഒരു നിയമം അവതരിപ്പിച്ചു. അതിനു പേരു കൊടുക്കുകയാണു്, ലാൻഡ് റിഫോംസ് ആക്റ്റു് എന്നു്.

മാഡം, ഭൂപരിഷ്ക്കരണത്തിന്റെ അടിസ്ഥാനതത്വം എന്താണു്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുക, മദ്ധ്യവർത്തികളെ ഒഴിവാക്കുക ഇതു രണ്ടുമാണു്. എന്നാൽ ഈ ബിൽ പാസ്സാക്കിയതു് ഏതു ലക്ഷ്യത്തിനുവേണ്ടിയാണു്. മദ്ധ്യവർത്തികളെ തുടരാൻ അനുവദിക്കുന്നതിനും ഭക്ഷ്യോൽപ്പാദനം പരോക്ഷമായി പരാജയപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകളാണു് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. മദ്ധ്യവർത്തികൾ എന്നന്നേക്കുമായി തുടർന്നു നിലകൊള്ളുന്നു.

Shri P. T. Chacko: Sir, A point of Order. My friend can say whatever he wants at a general discussion or at the Third Reading. But now he has to limit his remarks to Clause I. He is now trying to have a general discussion which is clearly out of order. I want a ruling whether he is in order in making a general discussion of the Bill.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാസ്കരൻ: ക്ലാസ് ഒന്നിൽ ഈ ടൈറ്റിലിനു ഔചിത്യമില്ല എന്നാണ് അദ്ദേഹം പറയുന്നത്. അതിനുള്ള കാരണങ്ങളും അദ്ദേഹം പറയുന്നതേയുള്ളൂ. അതിനുള്ള കാരണങ്ങളിൽ കവിഞ്ഞൊന്നും പറയുന്നില്ല. ഈ ക്ലാസിനെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. വളരെ അപ്രാപ്തിയേറിയിട്ടുള്ള കാര്യങ്ങളും മാത്രമേ പറഞ്ഞിട്ടുള്ളൂ.

Shri R. Sankar: The Member can speak about Clause I. Without moving an amendment to that effect is the hon. Member entitled to have a general discussion on that ?

ഡെപ്യൂട്ടി സ്പീക്കർ: അമെൻഡുമെൻറിനെപ്പറ്റി സംസാരിക്കുമ്പോൾ ബില്ലിന്റെ ജനറൽ പാളിസിയെപ്പറ്റി സംസാരിക്കാൻ പാടില്ല. പക്ഷേ, ഇവിടെ അദ്ദേഹം ആ ക്ലാസ് ഒപ്പോസുചെയ്തുകൊണ്ടു പറയുകയാണ്. വേഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. ബേബിജോൺ: എന്തുകൊണ്ട് ആ പേരു പറയാൻപാടില്ല എന്നുള്ളതു ഞാൻ പറഞ്ഞുവരികയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ പ്രസംഗം വെറും ആവർത്തനമാണ്. ഇതു നൂറ്റിഒന്നാമത്തെ ആവർത്തനമാണ്.

ശ്രീ. ബേബിജോൺ: ഇങ്ങനെ ആവർത്തിച്ചാവർത്തിച്ചാണ് ഈ പേരു ഇതിനു പറ്റിയതല്ല എന്നു ഞാൻ സമർത്ഥിക്കാൻ പോകുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ സെക്കൻറു റീഡിംഗ് സമയത്തു ഇതുവരെ അദ്ദേഹം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിനു പറയാനുള്ളതു പറയട്ടെ. പക്ഷേ, വേഗം അവസാനിപ്പിക്കണം.

ശ്രീ. ബേബിജോൺ: തുടങ്ങിയതല്ലേ ഉള്ളൂ. അതിനുമുമ്പു അവസാനിപ്പിക്കണമെന്നു പറഞ്ഞാൽ വലിയ വിഷമമാണ്. അങ്ങനെ കുടികിടപ്പുകാരെ ദ്രോഹിക്കുന്ന വ്യവസ്ഥകളുള്ള ഈ ബില്ലിനു ലാൻഡ് റിഫോംസ് ആക്റ്റ് എന്നു പേരുകൊടുക്കണമെന്നു പറഞ്ഞു. ഈ രാജ്യത്തെ കുടികിടപ്പുകാരോടു ആലോചിച്ചാൽ അവർ പറയും, ഇതിനു ലാൻഡ് ഓണേഴ്സ് പ്രൊട്ടക്ഷൻ ആക്റ്റ് എന്നുള്ളതാണ് ശരിയായിട്ടുള്ള പേരു് എന്നു്.

അതുപോലെ മാഡം, ഈ ബിൽ പാസായിക്കഴിഞ്ഞാൽപിന്നെ ഈ രാജ്യത്തു മിച്ചഭൂമിയുണ്ടാകുകയില്ല. ഭൂമിയില്ലാത്തവർക്കു ഭൂമി കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു നിയമമാണ് ഇതു്, പക്ഷേ, മിച്ചഭൂമിയുണ്ടാകുകയില്ല. ആ നിലയിലും ഇതിനു ലാൻഡ് ഓണേഴ്സ് പ്രൊട്ടക്ഷൻ ആക്റ്റ് എന്ന പേരു കൊടുക്കണമെന്നാണെന്റെ അഭിപ്രായം.

ശ്രീ. പി. വിശ്വംഭരൻ: ഈ ബില്ലിന്റെ ടൈറ്റിലും പ്രിയാംബിളും ഈ ബില്ലിലെ വ്യവസ്ഥകളും മുഴുവൻ പാസാക്കിക്കഴിഞ്ഞതിനുശേഷം വേണം ചർച്ചയ്ക്ക് എടുക്കാൻ എന്നു സഭയ്ക്കു ആവശ്യപ്പെടാം എന്നുള്ളതു് ഇതുകൊണ്ടുകൂടിയാണെന്നറിയാമോ?

ശ്രീ. ബേബിജോൺ: ഈ ബില്ലിൽ പാസായിട്ടുള്ള വകുപ്പുകളെല്ലാം പരിശോധിച്ചാൽ ഇതു ലാൻഡ് റിഫോംസ് ബില്ലല്ല, ലാൻഡ് ഓണേഴ്സ് പ്രൊട്ടക്ഷൻ ആക്റ്റാണെന്നുകാണാം. പൂതനയെ മോഹിനിവേഷം കെട്ടിച്ച മോഹിനി എന്നുള്ള പേരുകൊടുത്താൽ മനസ്സുള്ള ആളുകളും ഇതു മോഹിനിയല്ല, സുന്ദരിയല്ല, പൂതനയാണെന്നു പറയും. കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ അവതരിപ്പിച്ചിരിക്കുന്ന ബിൽ മോഹിനിയുടെ വേഷംകെട്ടി രംഗത്തിറക്കിയിരിക്കുന്ന പൂതനയാണ്. ഇതിലെ വ്യവസ്ഥകളും വിഷലിപ്തമാണ്. കർഷകജനതയെ കൊല്ലുന്നതിനുവേണ്ടി, ഞെരിക്കുന്നതിനുവേണ്ടി, നശിപ്പിക്കുന്നതിനുവേണ്ടി ഈ നാട്ടിലെ ജന്മിമാരുടെ താൽപ്പര്യങ്ങളും എന്നെന്നേക്കും നിലനിറുത്തുന്നതിനുവേണ്ടി ബോധപൂർവ്വം ഗവണ്മെൻറ് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനു് ലാൻഡ് റിഫോംസ് ബിൽ എന്നല്ലാ, ലാൻഡ് ഓണേഴ്സ് പ്രൊട്ടക്ഷൻ ബിൽ എന്നുള്ള പേരുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: മാഡം, ശ്രീമതി ഗൗരി ഈ ക്ലാസ്സി നെപ്പറ്റിപ്പറഞ്ഞ അഭിപ്രായങ്ങളം കേട്ട ഞാൻ അത്ഭുതപ്പെടുകയുണ്ടായി. ഈ ടൈറ്റിൽ മാത്രം ഇതു പാസ്സായാൽ ഫലത്തിൽ വരുമെന്നാണു് എഴുതി വച്ചിരിക്കുന്നതെന്നു പറഞ്ഞു. ഈ ക്ലാസിനു് മൂന്നു സബ്ബു് ക്ലാസുകളം ഉണ്ടു്. അതു മുന്നും ഒന്നു വായിച്ചുനോക്കാൻ ശ്രീമതി ഗൗരി ഒന്നു ബദ്ധപ്പെടേണ്ടതായിരുന്നു. കുറച്ചു നിയമപരിജ്ഞാനമുള്ള ശ്രീമതി ഗൗരിയോടു് ഇതൊന്നു വായിച്ചു നോക്കാൻ പറയുന്നതു് അത്ര ശരിയല്ല എന്നു ഞാൻ വിചാരിച്ചു.

(2) It extends to the whole of the State of Kerala.

(3) The provisions of this Act, except this section which shall come into force at once, shall come into force on such date as the Government may, by notification in the Gazette appoint:

Provided that different dates may be appointed for different provisions of this Act, and any reference in any such provision to the commencement of this Act, shall be construed as a reference to the coming into force of that provision.

അതിലെ ഓരോ പ്രത്യേകകാര്യത്തെ സംബന്ധിച്ചുള്ള വകുപ്പുകളും ഓരോ സമയത്തായിരിക്കും നടപ്പിലാക്കുന്നതു്. അതിനുള്ള അധികാരം ഗവണ്മെൻറിനു് ആവശ്യമുണ്ടു്. ഇതു് എല്ലാം കൂടി ഒരുമിച്ചു നടപ്പാക്കാൻ ഗവണ്മെൻറിനു സാധിക്കുകയില്ല. ഒരു പ്രധാനകാര്യം ആദ്യം നടപ്പാക്കേണ്ടിവന്നാൽ ആ പ്രധാനകാര്യം ആദ്യം നടപ്പാക്കുക, അതിനെ തുടർന്നു മറ്റു കാര്യങ്ങളം നടപ്പിലാക്കുക. അങ്ങനെവേണം ഈ കാര്യങ്ങളം എല്ലാം നടപ്പിലാക്കാൻ. അതിനു ഗവണ്മെൻറിനധികാരമുണ്ടായിരിക്കണം. ആ അധികാരം കൊടുക്കുന്ന വകുപ്പാണു് കണ്ടിട്ടോ കാണാതേയോ ശ്രീമതി ഗൗരി ഇപ്പോൾ ചൂണ്ടിക്കാണിച്ചതു്. അതു് ഒന്നു വായിച്ചുനോക്കിയാൽമതി. ഗവണ്മെൻറിൽ നിക്ഷിപ്തമായ അധികാരമാണു് അതു് അതുകൊണ്ടു് അതൊന്നു പാസ്സാക്കിത്തരണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

Deputy Speaker: Smt. Gouri, do you press your amendment?

Smt. K. R. Gouri: Yes, I press.

The Amendment moved by Smt. Gouri was put and lost.

The question that Clause 1 stand part of the Bill was put and carried.

Shri Baby John: Sir, I demand a Poll.

A Poll was taken when the House divided as follows:—

Ayes—41

1	Shri P. K. Abdulkadir	12	Shri K. A. Damodara Menon
2	,, K. C. Abraham	13	,, T A. Dharmaraja Iyer
3	,, M. C. Abraham	14	,, P. R. Francis
4	,, K. T. Achuthan	15	,, K. M. George
5	,, K. K. Balakrishnan	16	,, P. Gopalan
6	,, R. Balakrishna Pillai	17	,, Malethu Gopinatha Pillai
7	,, N. Bhaskaran Nair	18	,, M. P. Govindan Nair
8	,, P. Chacko	19	,, A. L. Jacob
9	,, P. T. Chacko	20	,, Thomas John
10	,, G. Chandrasekhara Pillai	21	,, George Joseph Podipara
11	,, P. C. Cherian	22	,, P. R. Krishnan

LIBRARY ARCHIVES Kerala Legislative Assembly

23	Shri N. S. Krishna Pillai	32	Shri E. P. Poulose
24	,, K. Kunhambu	33	,, R. Raghava Menon
25	Smt. Leela Damodara Menon	34	,, R. Sankar
26	Shri P. Madhavan	35	Smt. O. T. Sarada Krishnan
27	,, V. Madura	36	,, K. R. Saraswathi Amma
28	,, M. M. Mathai	37	Shri K. T. Thomas
29	,, K. Narayana Kurup	38	,, T. A. Thomman
30	,, M. Narayana Kurup	39	,, P. P. Ummer Koya
31	,, Kuroor Neelakantan Namboodiripad	40	,, K. R. Vijayan
		41	K K. Viswanathan

Noes

1 Shri Baby John

Neutrals—Nil

Deputy Speaker: For the Motion: 41

Against—1

Neturals—Nil.

The Motion was carried.

Clause 1 was added to the Bill.

Preamble and Title

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Deputy Speaker: Order, order. The House will now adjourn, and meet again at 8 a. m. on Wednesday, the 4th December 1963.

The House adjourned at 8-15 p. m. to meet again at 8 a. m. on Wednesday, the 4th December 1963.

LIBRARY ARCHIVES Kerala Legislative Assembly